*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

209th Issue - Volume 5, No.42 ജാഗ്രത 4th November 2011

"എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും."

(യോഹന്നാൻ–14: 21)


St. Charles Borromeo

## പ്രധാന വാർത്തകൾ

കാരിത്താസ് ഇന്ത്യ സുവർണജൂബിലി ആഘോഷം തുടങ്ങി

സമൂഹത്തിന്റെ അടിത്തറ സംതൃപ്ത കുടുംബങ്ങൾ: ആർച്ച്ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ

കാരിത്താസ് പ്രവർത്തനങ്ങളിലൂടെ കൈമാറുന്നതു ദൈവസ്നേഹം: മാർ ജോർജ് ആലഞ്ചേരി

## ജാഗ്രതാ വാർത്ത

പെൺകുട്ടികളുടെ എണ്ണം കുറയുന്നു.

ആഹ്ളാദത്തോടെ കഴിയൂ; അധികകാലം ജീവിക്കൂ.

## ചരിത്ര ജാഗ്രത

ആർച്ചു ഡീക്കൻ കോശി

## വാരാന്ത്യവീക്ഷണം

പൊതുമുതൽ നശിപ്പിക്കുന്നവർ:നിലപാടും നീക്കങ്ങളും ആവശ്യം.

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## കാരിത്താസ് ഇന്ത്യ സുവർണജൂബിലി ആഘോഷം തുടങ്ങി



സമൂഹത്തിൽ അവഗണിക്കപ്പെടുന്നവർക്കു വേണ്ടി സഭ നടത്തുന്ന സേവനങ്ങൾ വിലപ്പെട്ടതാണെന്നു കേന്ദ്ര ഊർജ സഹ മന്ത്രി കെ.സി. വേണുഗോപാൽ. കാരിത്താസ് ഇന്ത്യ സുവർണ ജൂബിലിയുടെ സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി പ്രതിനിധിസമ്മേളനം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സാമൂഹ്യപ്രവർത്തനത്തിനുള്ള താത്പര്യം ജനങ്ങളിൽ കുറയുന്ന സാഹചര്യത്തിൽ കാരിത്താസ് ഇന്ത്യ പോലുള്ള സംരംഭങ്ങൾ മാതൃകയാണ്. സുനാമി പുനരധിവാസ ത്തിലുൾപ്പെടെ കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. തീരപ്രദേശങ്ങളിലെ സാമ്പത്തിക അസമത്വം ഇല്ലാതാകേണ്ടതുണ്ട്. സർക്കാരിനൊപ്പം സ ന്നദ്ധ സംഘടനകളും സന്മനസുള്ള വ്യക്തികളും സഹകരിക്കുന്ന വികസന സമീപനമാണ് നാടിന്റെ ഇന്നത്തെ ആവശ്യം. സാമൂഹിക വികസനരംഗത്തു സന്നദ്ധസംഘടനകളുടെ പങ്കാളിത്തം സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതു സർക്കാരിന് ഈ രംഗത്തുനിന്ന് പിൻവാങ്ങുന്നതിനല്ല. പെൺഭ്രൂണഹത്യ നിയമം കൊണ്ടുമാത്രം ഇല്ലാതാക്കാൻ ആവില്ല. ജനങ്ങളുമായി ഇടപഴകുന്ന പ്രസ്ഥാനങ്ങളുടെ ധാർമികതയിൽ ഊന്നിയ പ്രവർത്തനങ്ങൾകൊണ്ട് ഇത്തരം തിന്മകൾ നിയന്ത്രിക്കാനാണു ശ്രമിക്കേണ്ടതെന്നും കെ.സി. വേണുഗോപാൽ കൂട്ടിച്ചേർത്തു. കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ അധ്യക്ഷത വഹിച്ചു. ജീവകാരുണ്യ, സാമൂഹിക, വികസന പ്രവർത്തനങ്ങൾക്കൊപ്പം അഴിമതിക്കെതിരേയുള്ള പ്രവർത്തനങ്ങളിലും കാരിത്താസ് ഇന്ത്യ കൂടുതൽ പ്രാധാന്യം നൽകണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അഴിമതിയിലൂടെ നഷ്ടപ്പെടുന്ന ഓരോ രൂപയും സാധാരണ പൗരന് അവകാശപ്പെട്ടതാണെന്ന ബോധ്യം വേണമെന്നും അദ്ദേഹം പറഞ്ഞു. മൂവാറ്റുപുഴ ബിഷപ് ഏബ്രഹാം മാർ യൂലിയോസ് മുഖ്യപ്രഭാഷണം നടത്തി. ചികിത്സാച്ചെലവുകൾ കൂടിവരുന്ന പശ്ചാത്തലത്തിൽ ആരോഗ്യസുരക്ഷാപദ്ധതികളിലേക്കു സഭ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറ ഞ്ഞു. കാരിത്താസ് ഇന്ത്യ ചെയർമാൻ ബിഷപ് ഡോ. പീറ്റർ റെമിജിയൂസ് ജൂബിലി സന്ദേശം നൽകി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വർഗീസ് മറ്റമന, നിയുക്ത ഡയറക്ടർ ഫാ. ഫ്രെഡറിക് ഡിഡൂസ, കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഡോ. സ്റ്റീഫൻ ആലത്തറ, കാരിത്താസ് ഇന്ത്യ ഗവേണിംഗ് ബോർഡ് അംഗം അഡ്വ. വി.സി. സെബാസ്റ്റ്യൻ, ജൂബിലി കമ്മിറ്റി ചെയർമാൻ ഫാ. റൊമാൻസ് ആന്റണി, സ്റ്റേറ്റ് ഓഫീസർ പി.ജെ. വർക്കി എന്നിവർ പ്രസംഗിച്ചു. തുടർന്നു നടന്ന വികസന ശില്പശാലയിൽ ഡോ. വി.ആർ. ഹരിദാസ്, ഡോ. എസ്റ്റലിറ്റ, ഡോ. സഞ്ജീവ് ഘോഷ്, പ്രഫ. എൻ. രമാകാന്തൻ എന്നിവർ നേതൃത്വം നല്കി.


## സമൂഹത്തിന്റെ അടിത്തറ സംതൃപ്ത കുടുംബങ്ങൾ: ആർച്ച്ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ



സംതൃപ്ത കുടുംബങ്ങളാണ് ഏതൊരു സമൂഹത്തിന്റെയും അടിത്തറയെന്നു കെസിബിസി വൈസ് പ്രസി ഡന്റ് ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ. കൂടുതൽ മക്കളുള്ള കുടുംബങ്ങളെ ആദരിക്കുന്ന തിന് ഈ മാസം 14-നു നടത്തുന്ന ജീവസമൃദ്ധി പരിപാടിയുടെ ലോഗോ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. കുടുംബങ്ങളിൽ കെട്ടുറപ്പും കൂട്ടായ്മയും നിലനിർത്തണം. വിവാഹം കഴിക്കാതെ ഒരുമിച്ചു താമസിക്കുന്നവരും കുട്ടികൾ വേണ്ടെന്നു നിശ്ചയിച്ചു വിവാഹം കഴിക്കുന്നവരും ഗർഭഛിദ്രത്തെ പ്രോത്സാഹിപ്പിക്കുന്നവരും സമൂഹത്തിൽ വർധിച്ചുവരികയാണ്. ജീവന്റെ സംസ്കാരം നിലനിർത്തുന്ന കുടുംബങ്ങളെ ആദരിക്കേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ആർച്ച്ബിഷപ് ഓർമിപ്പിച്ചു സീറോമലബാർ ഡൽഹി രൂപതയ്ക്കായി കാത്തിരിക്കാൻ മാർ ആലഞ്ചേരിയുടെ ആഹ്വാനം സീറോ മലബാർ ഡൽഹി രൂപത എത്രയും വേഗം യാഥാർഥ്യമാകാൻ വിശ്വാസികൾ ക്ഷമയോടെയും പ്രാർഥനയോടെയും കാത്തിരിക്കണമെന്നു സീറോ മലബാർസഭ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. ഇക്കാര്യത്തിൽ അന്തിമതീരുമാനം ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടേതു മാത്രമായിരിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് സാൽവത്തോറെ പെനാക്കിയോയും ഡൽഹി അതിരൂപത ആർച്ച്ബിഷപ് വിൻസെന്റ് കോൺസസാവോയും ഒപ്പമുണ്ടെന്നതു സന്തോഷകരമാണ്. അതിനാൽ അർഹമായ സമയത്ത് രൂപത യാഥാർഥ്യമാകും- മാർ ആലഞ്ചേരി വ്യക്തമാക്കി. ദ്വാരകയിൽ 12-ാം സീറോ മലബാർ കാത്തലിക് കൺവൻഷനിലും രണ്ടാം സാന്തോം ബൈബിൾ കൺവൻഷനിലും പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഡൽഹിയിലെ സീറോ മലബാർ മിഷൻ ഒരു പ്രാദേശിക സഭ എന്നതുപോലെ വളർന്നുകഴിഞ്ഞു. പല ദേവാലയങ്ങൾ അടക്കം വലിയ പുരോഗതി നേടിയിട്ടുണ്ട്. ദൈവത്തിനു പ്രീതികരമായ ആരാധനാ

സമൂഹമായി വളർത്തുന്നതിൽ ബിഷപ് മാർ ഗ്രേഷ്യൻ മുണ്ടാടനും കോ-ഓർഡിനേറ്റർ ഫാ. ജോസ് ഇടശേരിയും അഭിനന്ദനം അർഹിക്കുന്നു. ഡൽഹിയിലെ സീറോ മലബാർ രൂപത യാഥാർഥ്യമായാലും ഡൽഹി അതിരൂപതയ്ക്കൊപ്പം നിന്നു സഭാ കൂട്ടായ്മ വളർത്തുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്യണമെന്ന് ആർച്ച്ബിഷപ് ഓർമിപ്പിച്ചു. സഭയുടെ പാരമ്പര്യം അഭംഗുരം പാലിക്കുന്നതിൽ ശ്രദ്ധിക്കുന്ന വിശ്വാസ സമൂഹം, സമൂഹത്തിലെ എല്ലാവർക്കും സ്നേഹത്തിന്റയും സന്തോഷത്തിന്റെയും പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കണം. കത്തോലിക്കാ സഭയുടെ പൊതുസാക്ഷ്യമായി പ്രവർത്തിക്കാൻ ഡൽഹിയിലെ സീറോ മലബാർ സമൂഹം ശ്രദ്ധിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ദൈവവും ജനങ്ങളുമായുള്ള ഐക്യത്തിന്റെ പ്രതീകമാണ് വിവിധ പാരമ്പര്യങ്ങളുള്ള ആരാധനാക്രമങ്ങളെന്നു വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് സാൽവത്തോറെ പെനാക്കിയോ പറഞ്ഞു. അയൽക്കാരെ സ്നേഹിച്ച് സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റണമെന്നു കൺവൻഷൻ ഉദ്ഘാടനം ചെയ്ത കേന്ദ്ര ഭക്ഷ്യമന്ത്രി പ്രഫ. കെ.വി. തോമസ് ആഹ്വാനം ചെയ്തു. തോമാശ്ലീഹയുടെ മഹത്തായ പാരമ്പര്യം നിലനിർത്തി മറ്റുള്ളവർക്കു യേശുവിനെ കാണാൻ കഴിയുന്ന വിധത്തിൽ ഓരോ വിശ്വാസിയും പ്രവർത്തിക്കണമെന്നു മന്ത്രി പറഞ്ഞു.

## കാരിത്താസ് പ്രവർത്തനങ്ങളിലൂടെ കൈമാറുന്നതു ദൈവസ്നേഹം: മാർ ജോർജ് ആലഞ്ചേരി



കാരിത്താസ് അതിന്റെ പ്രവർത്തനങ്ങളിലൂടെ മനുഷ്യസമൂഹത്തിനു കൈമാറുന്നത് അനന്തമായ ദൈവസ്നേഹമാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. കാരിത്താസ് ഇന്ത്യ സുവർണ ജൂബിലിയുടെ സംസ്ഥാനതല ആഘോഷങ്ങളോടനുബന്ധിച്ച് എറണാകുളം പാപ്പാളി ഹാളിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാലോചിതമായ രീതിയിൽ ദൈവസ്നേഹം മനുഷ്യരിലേക്ക് ആസൂത്രണ പദ്ധതികളിലൂടെ എത്തിക്കാൻ കാരിത്താസിന്റെ പ്രവർത്തനങ്ങൾക്കാവുന്നുണ്ട്. പ്രത്യേകമായി അവഗണിക്കപ്പെടുന്നവരുടെ പക്ഷംപിടിക്കാൻ ഇതിന്റെ പ്രവർത്തനങ്ങൾക്കു സാധിക്കുന്നു. സഭയ്ക്കും സമൂഹത്തിനും ഈ പ്രസ്ഥാനം നൽകിയിട്ടുള്ള സംഭാവനകൾ ഏറെ വിലപ്പെട്ടതാണ്. ദരിദ്രരോടു ക്രിസ്തുവിനുണ്ടായിരുന്ന സമീപനം നമുക്കു മാതൃകയാവണം. പാർശ്വവത്കരിക്കപ്പെടുന്നവരോടു സഭക്കു കൂടുതൽ ഉത്തരവാദിത്വമുണ്ട്. സർക്കാർ സംവിധാനങ്ങളിലൂടെ പലപ്പോഴും അർഹതപ്പെട്ടവർക്കു നീതി നിഷേധിക്കപ്പെടുന്നുണ്ട്. എല്ലാവർക്കും നീതി ലഭ്യമാവുന്ന സാമൂഹ്യസാഹചര്യം രൂപപ്പെടുത്തുന്നതിൽ കാരിത്താസ് ഇന്ത്യക്ക് ഏറെ കാര്യങ്ങൾ ചെയ്യാനാകുമെന്നും മാർ ആലഞ്ചേരി ഓർമിപ്പിച്ചു. കെസിബിസി വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ അധ്യക്ഷത വഹിച്ചു. പരാശ്രയത്തിൽ നിന്നു പരസ്പര ആശ്രയത്വത്തിലേക്കും അതിൽ നിന്നു സ്വയം പര്യാപ്തതയിലേക്കും ജനങ്ങളെ നയിക്കാൻ കാരിത്താസിന്റെ പ്രവർത്തനങ്ങൾക്കു കഴിയുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര ഭക്ഷ്യ സഹമന്ത്രി പ്രഫ. കെ.വി. തോമസ് മുഖ്യാതിഥിയായിരുന്നു. കാരിത്താസ് ഇന്ത്യ ചെയർമാൻ ബിഷപ് ഡോ. പീറ്റർ റമിജിയൂസ് ജൂബിലി സന്ദേശം നൽകി.

## പെൺകുട്ടികളുടെ എണ്ണം കുറയുന്നു.

കേരളത്തിൽ പെൺകുട്ടികളുടെ എണ്ണം ആനുപാതികമായി കുറയുന്നതായി പഠന റിപ്പോർട്ട്. സംസ്ഥാനത്ത് 1000 പുരുഷൻമാർക്ക് 1058 സ്ത്രീകളുണ്ടെന്നാണ് കണക്ക്. എന്നാൽ ആറു വയസ്സു വരെയുള്ള പെൺകുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ ഇടിവാണുണ്ടാകുന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ആറുവയസ്സുവരെയുള്ള 1000 ആൺ കുട്ടികൾക്ക് 963 പെൺകുട്ടികളാണ് ഉള്ളതെന്നാണ് സെൻസസ്. 2001 ലെ സെൽസസ് പ്രകാരം ഈ പ്രായക്കാരായ 1000 ആൺകുട്ടികൾക്ക് 965 പെൺകുട്ടികളാണുള്ളത്. 2011 ലെ സെൻസസ് ആയപ്പോഴേക്കും ഇത് 959 ആയി കുറഞ്ഞതായാണ് റിപ്പോർട്ട്. ഇതിനെതിരെ ബോധവല്ക്കരണവും സാമൂഹിക പ്രതിരോധവും ആവശ്യമാണെന്ന് ഇത് തെളിയിക്കുന്നു. രോഗ പരിശോധനയ്ക്കും രോഗനിർണയത്തിനും മുൻകാലത്തെ അപേക്ഷിച്ച് വേഗതയും കൃത്യതയും കൈവരിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ തെറ്റായ ഉപയോഗം പല ദോഷഫലങ്ങൾക്കും ഇടയാക്കുന്നു. ഗർഭസ്ഥ ശിശുവിന് തകരാറുകൾ ഏന്തെങ്കിലും ഉണ്ടെങ്കിൽ കണ്ടുപിടിക്കുവാൻ പ്രീനേറ്റിൽ ഡയഗണോസ്റ്റിക്ടെക്നിക് എന്ന ഗർഭകാല പരിശോധന ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം നടത്തുവാൻ ഉപയോഗിക്കുകയും പെൺകുഞ്ഞാണെന്നറിഞ്ഞാൽ ഭ്രൂണാവസ്ഥയിൽ തന്നെ അതിനെ നശിപ്പിച്ചു കളയുകയും ചെയ്യുന്ന ഒരു പ്രവണത അടുത്ത കാലത്തായി ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ജനസംഖ്യ കണക്കുകൾ ഇക്കാര്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സമൂഹത്തിന്റെ സന്തുലിതാവസ്ഥ തകിടംമറിച്ച് ദൂരവ്യപകമായ ദോഷഫലങ്ങൾ ഉളവാക്കാൻ ഇതു കാരണമായിത്തീരും. ഇതു വളരെ ഗൗരവത്തോടെ കാണേണ്ട ഒരു വിഷയമാണ്. സാമൂഹിക പ്രതിരോധമാണ് ഇതിനുള്ള പ്രതിവിധി. ബോധവൽക്കരണം ആവശ്യമാണ്.

## ആഹ്ളാദത്തോടെ കഴിയൂ; അധികകാലം ജീവിക്കൂ.

സന്തോഷവും ശുഭാപ്തി വിശ്വാസത്തോടുകൂടിയ ജീവിതവീക്ഷണവും ഉള്ളവർ ദീർഘകാലം ജീവിക്കുന്നു പഠനം. യൂണിവേഴ്സിറ്റി കോളേജ് ഓഫ് ലണ്ടനിലെ ഗവേഷകരാണു പുതിയ കണ്ടെത്തലിനു പിന്നിൽ 52 മുതൽ 79 വരെ വയസ്സുള്ള 40000 പേർക്കിടയിൽ അഞ്ചു വർഷമായി നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമായത്. സംതൃപ്തമായ ജീവിതം നയിക്കുന്നവർക്കു പെട്ടന്നുള്ള മരണത്തിന്റെ സാധ്യത വളരെ കുറവാണെന്നാണു കണ്ടെത്തൽ. മറ്റുള്ളവരെക്കാൾ 35 ശതമാനംവരെ അകാലമരണ സാധ്യത കുറയുമെന്നാണു പഠനം പറയുന്നത്. സന്തോഷമാണോ ആശങ്കയാണോ തങ്ങൾക്കു തോന്നുന്ന വികാരമെന്നു ദിവസവും നാലു പ്രാവശ്യം രേഖപ്പെടുത്തണമെന്നു പഠനപ്രക്രിയയിൽ പങ്കാളികളായവരോടു നിർദ്ദേശിച്ചിരിന്നു. ഇവർക്കിടയിൽ അഞ്ചു വർഷത്തിനിടെയുണ്ടായ മരണവും പിന്നീടു പഠനവിധേയമാക്കി. വയസ്സ്, ലിംഗം, സന്തോഷം, വിഷാദം, അസുഖം, ആരോഗ്യവുമായി ബന്ധപ്പെട്ട പെരുമാറ്റരീതി എന്നിവയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ വിശകലനം ചെയ്തപ്പോഴാണ് സന്തോഷകരമായ ജീവിതം നയിച്ചവരിൽ നേരത്തേ മരിക്കുന്നവരുടെ എണ്ണം മറ്റുള്ളവരെ അപേക്ഷിച്ച് 35 ശതമാനത്തോളം കുറവാണെന്നു കണ്ടെത്തിയത്. പ്രൊസീഡിംഗ്സ് ഓഫ് ദ് നാഷണൽ അക്കാഡമി ഓഫ് സയൻസിൽ പഠനഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ആർച്ചു ഡീക്കൻ കോശി (1825–1900)

1825–ൽ തിരുവല്ല താലൂക്കിൽ തോട്ടപ്പുഴശ്ശേരി മുല്ലമംഗലത്തു വീട്ടിൽ ജനിച്ചു. 1835 മുതൽ 1844 വരെ കോട്ടയം സെമിനാരിയിൽ ചേർന്നു പഠിച്ചു. സംസ്കൃതം, ഇംഗ്ലീഷ്, ലത്തീൻ എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി. മാവേലിക്കര മിഷനറിയായിരുന്ന റവ. ജോസഫ് പീറ്ററിന്റെ റൈറ്ററായി ജോലിയിൽ പ്രവേശിച്ചു. മാവേലിക്കര, തുകലശ്ശേരി, തലവടി, ഒളശ്ശ, ഇളന്തൂർ, കോട്ടയം മുതലായ സ്ഥലങ്ങളിൽ മിഷനറി പ്രവർത്തനം നടത്തി. 1872 മുതൽ 1898 വരെ ബൈബിൾ പരിഷ്കരണം സംബന്ധിച്ച ജോലിയിൽ വ്യാപൃതനായി. ഈ വിഷയത്തിലുള്ള സേവനങ്ങളെ പരിഗണിച്ച് കാന്റർബറി ആർച്ച് ബിഷപ്പ് 1885–ൽ അദ്ദേഹത്തിന് ആർച്ചു ഡീക്കൻ സ്ഥാനവും, ഡോക്ടർ ഓഫ് ഡിവിനിറ്റി (D.D.) എന്ന ബഹുമതിയും നല്കി. നാട്ടുകാരിൽ ഒന്നാമത്തെ ആർച്ചു ഡീക്കൺ അദ്ദേഹമായിരുന്നു. 1900–ൽ അന്തരിച്ചു. കോട്ടയത്തുനിന്നും ചർച്ച് മിഷൻ സൊസൈറ്റി 1848 മുതൽ 1867 വരെ 'ജ്ഞാനനിക്ഷേപം' എന്ന പേരിൽ ഒരു പത്രിക പ്രസിദ്ധീകരിച്ചിരുന്നു. അത് കേരളത്തിലെ മൂന്നാമത്തെ വർത്തമാനപ്പത്രമായിരുന്നു. ആർച്ചു ഡീക്കൻ കോശി വളരെക്കാലം ആ പത്രത്തിന്റെ പ്രസാധകനായിരുന്നു. ഹിന്ദുമതത്തിലെ അനാചാരങ്ങളെ നിരൂപണം ചെയ്തുകൊണ്ട് ഒരു ലേഖന പരമ്പര അദ്ദേഹം ജ്ഞാനനിക്ഷേപത്തിൽ പ്രസിദ്ധീകരിച്ചു. അതു പരിഷ്കരിച്ച് 1882–ൽ 'പുല്ലേലിക്കുഞ്ചു' എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു.

ക്രിസ്ത്യാനിയായ ഒരു മുതൽ പിടിക്കാരൻ, ഒരു കടുത്ത യാഥാസ്ഥിതികനായ കൈതപ്പിള്ളി രാമപണിക്കർ, ഒരു തികഞ്ഞ ഉല്പതിഷ്ണുവായ പുല്ലേലിക്കുഞ്ചുപിള്ള, നെടുങ്ങാട്ടു മഠത്തിൽ ശാമു അണ്ണാവി, നെടുവേലി മനയ്ക്കൽ മൂത്തനമ്പൂതിരി, കൈതപ്പിള്ളി മാധവൻകുട്ടി എന്നിവരാണ് ഇതിലെ കഥാപാത്രങ്ങൾ. ജാതിനയത്തെപറ്റി കുഞ്ചുപിള്ള രാമപണിക്കരോടു പറയുന്നതു നോക്കുക. "...സകല മനുഷ്യർക്കും അന്യോന്യം വേണ്ടുന്ന സ്നേഹം എന്ന മഹാ സുകൃതം എവിടെ എന്റെ പണിക്കരെ. അമ്പോ സ്നേഹം! ഭഗവാന് കണ്ണിന് അത്യന്തം ഓമനയായുള്ള സ്നേഹം. ഉത്തമസൃഷ്ടികളെ പരമാനന്ദപ്പെടുത്തുന്ന സ്നേഹം. ഇത് എവിടെ പോയ് മറഞ്ഞു? നാടെല്ലാം തണുക്കുമാറും നാനാഗുണങ്ങൾ തഴയ്ക്കുമാറും നാലു ദിക്കിലും നിന്നൊഴുകേണ്ട ഈ ആകാശ ഗംഗയെ ജാതിഭേദം എന്ന നരകാസുരൻ വന്നു ചിറയിട്ടു തടുത്തു കളഞ്ഞില്ലയോ?".

## പൊതുമുതൽ നശിപ്പിക്കുന്നവർ:നിലപാടും നീക്കങ്ങളും ആവശ്യം.

കേരളത്തിലെ സാമൂഹ്യരംഗത്തെ ഒരു ശ്രദ്ധേയമായ നീക്കം പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരേ കോടതികൾ എടുത്ത നിലപാടാണ്. പൊതുമുതൽ നശിപ്പുക്കുന്ന വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും അതിനു പിഴ ഈടാക്കണം എന്നതാണ് ഈ നിലപാട്. പ്രതികൾക്കു ജാമ്യം കിട്ടണമെങ്കിൽ പിഴയൊടുക്കേണ്ട തുക കോടതിയിൽ കെട്ടിവയ്ക്കേണ്ടിവരും എന്നാണു മനസ്സിലാക്കാൻ കഴിയുന്നത്. ചില വിദ്യാർത്ഥി യുവജനസംഘടനകൾ ഈ നിബന്ധനപ്രകാരം പണം കെട്ടിവയ്ക്കേണ്ടി വന്നിരിക്കുകയാണ്. എന്തിനും ഏതിനും പൊതുമുതൽ നശിപ്പിക്കുന്ന സംസ്ക്കാരം മാറ്റി മറിക്കാൻ ഈ നീക്കങ്ങൾ സഹായകരമാകും എന്നും കരുതാം.

പൊതുമുതൽ സംരക്ഷിക്കുന്നതിൽ പിന്നോക്കം നില്ക്കുന്നവരാണു നമ്മൾ. പൊതുമുതൽ എന്നാൽ സർക്കാരിന്റെ മുതൽ എന്നാണു പൊതുവിൽ കാഴ്ച്ചപ്പാട്. അതിന്റെ കൂടെ ഭരണാധികാരികളെ ശത്രുക്കളായും അടിച്ചമർത്തുന്നവരായും കാണുന്ന പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനവും നമ്മുടെ സമൂഹത്തിൽ വ്യാപകമാകുന്നു. അതുകൊണ്ട് അധികാരത്തിനും അടിച്ചമർത്തലിനും എതിരായ പ്രതികരണമായി പൊതുമുതൽ നശിപ്പിക്കുന്നതു വാഴ്ത്തപ്പെടുന്നു. അധികാരത്തിനെതിരായ പോരാട്ടമാണ് പൊതുമുതൽ നശിപ്പിക്കുന്നതിൽ കടന്നുവരുന്നത് എന്ന പ്രതീതീ സൃഷ്ടിക്കപ്പെടുന്നു. വർഗ്ഗസമര സിദ്ധാന്തക്കാരുടെ ഈ അബദ്ധ പ്രചരണം മറ്റു പല സംഘടനകളും ഏറ്റെടുത്തുവെന്നാണു കാണാൻ കഴിയുന്നത്.ഫലമോ? പൊതുമുതൽ നശിപ്പിക്കുന്നത് നമ്മുടെ നാട്ടിൽ വ്യാപകമായി, ഒരു സംസ്കാരം ആയിപ്പോലും അതുമാറിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

എന്നാൽ നമ്മൾ നശിപ്പിക്കുന്നതു നമ്മുടെതന്നെ സമ്പത്താണ് എന്ന കാര്യം ഇവിടെ വിസ്മരിക്കപ്പെട്ടു. നമ്മുടെ നികുതിപ്പണമാണ് പൊതു മുതലായി രൂപാന്തരപ്പെട്ടിരിക്കുന്നത്. പൊതു സ്വത്തു നശിപ്പിക്കപ്പെടുമ്പോൾ യഥാർത്ഥത്തിൽ നമ്മൾ വിയർപ്പൊഴുക്കി സമ്പാദിച്ച സമ്പത്തു മാത്രമാണു നശിക്കുന്ന്ത്. അല്ലാതെ മറ്റാരുടേതുമല്ല എന്നകാര്യം പല വിദ്യാർത്ഥിയുവജനസംഘടനകളും തിരിച്ചറിയുന്നില്ല. പ്രത്യയശാസ്ത്ര വിധേയത്വവും അന്ധതയും അത്രയേറെ നമ്മളെബാധിച്ചിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. ഇവരെ യാഥാർത്ഥ്യം ബോദ്ധ്യപ്പെടുത്താൻ ഇപ്പോൾ കോടതികൾ എടുത്തിട്ടുള്ള നിലപാടുകൾ ഇടയാക്കും എന്നു പ്രതീക്ഷിക്കാം.

ഇക്കാര്യത്തിൽ ആഴമേറിയതും വ്യാപകവുമായ ബോധവൽക്കരണം ആവശ്യമാണ് പൊതുസ്വത്തിനെ സ്വന്തം സ്വത്തിനേക്കാൾ ആദരപൂർവ്വം കാണുന്നതിനും അതിനെസംരക്ഷിക്കുന്നതിനും കുട്ടികളെ പരിശീലിപ്പിക്കണം. മറ്റുള്ളവരോടുള്ള ആദരവിന്റെയും പൊതുസമൂഹത്തോടും പൊതുനന്മയോടുമുള്ള താല്പര്യത്തിന്റെയും മനോഭാവമാണ് യഥാർത്ഥത്തിൽ പൊതുമുതലിനോടുള്ള ആദരവായി കാണാൻ കഴിയുന്നത്.

പൊതുമുതൽ അക്രമിക്കാതിരിക്കുകമാത്രമല്ല നമ്മൾ അതിന്റെ സംരക്ഷണത്തിനും വളർച്ചക്കും ബാദ്ധ്യസ്ഥർകൂടിയാണ് എന്ന കാഴ്ചപ്പാട് കുട്ടികളിൽ തന്നെ വളർത്തണം. റോഡിൽ ചെറുകുഴികൾ രൂപപ്പെടുമ്പോൾത്തന്നെ അതുശരിയാക്കിക്കാനും പൈപ്പുപൊട്ടി വെള്ളം പാഴാകുമ്പോൾ അതുതടയാനും തോടുകൾ നിറഞ്ഞുകവിയുമ്പോൾ അതു ശരിയാക്കാനും എല്ലാം നമ്മൾ താല്പര്യം എടുക്കുകയും ബന്ധപ്പെട്ടവരെ കാര്യങ്ങൾ ധരിപ്പിക്കുകയും നമ്മുടെ സഹകരണങ്ങൾ നല്കുകയും വേണം. ഗവൺമെന്റ് സ്ഥാപനങ്ങളും മറ്റും ശുചിയായും ഭംഗിയായും സംരക്ഷിക്കപ്പെടണം റയിൽവേ സ്റ്റേഷനുകളും നമ്മുടെ പുഴകളും ഒന്നും മലിനപ്പെടാതെ സംരക്ഷിക്കാൻ നമ്മൾക്കുകഴിയണം. കേവലം ശിക്ഷകളെക്കുറിച്ചുള്ള ഭയത്താലല്ലാതെ പൊതുനന്മയെ മുന്നിൽ കണ്ടു പ്രവർത്തിക്കുന്ന പുതിയതലമുറക്കു രൂപംനല്കാൻ കഴിയിമ്പോഴാണു നമ്മുടെ പ്രശ്നങ്ങൾ പരിഹൃതമാവുക.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

**"Jagratha News"** – An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA